# 1

ഉയരങ്ങളിൽ ഒരു കന്മതിൽ കാണാം. ചെറുതും വലുതുമായി കമാനാകൃതിയിൽ പ്രവേശനകവാടങ്ങളുടെ അവശിഷ്ടങ്ങൾ അതിന്റെ ഇരു വശങ്ങളിലുമുണ്ട്. ഇവിടെയൊരു കാലം ശിപ്പായികൾ കാവൽ നിന്നിരിക്കാം. കന്മതിലിന്റെ തെക്കു പടിഞ്ഞാറെ മൂലയിലാണ് വലിയ കവാടമുള്ളത്. അകത്തേക്ക് കടക്കാനുള്ള പ്രധാന വഴി ഇതായിരിക്കണം. കവാടത്തിന് ഇരുനൂറ്റമ്പത് സെന്റിമീറ്റർ ഉയരവും നൂറ്ററുപത് സെന്റിമീറ്റർ വീതിയും ഇപ്പോൾ കാണാം. ഈ ഭാഗത്തെ മതിലിന്റെ ഉയരം മുപ്പത് അടിയോളമാണ്. ഉറപ്പുള്ള വലിയ തരം ചെങ്കല്ല് കൊണ്ടാണ് മതിൽ കെട്ടിപ്പൊക്കിയിട്ടുള്ളത്. പടിഞ്ഞാറുഭാഗത്തെ മതിലിന് തെക്കു പടിഞ്ഞാറെ മൂലയെക്കാൾ ഉയരം കൂടും. കിഴക്കുവശത്ത് ചെറിയ പ്രവേശനദ്വാരമേ കാണുന്നുള്ളൂ. നൂറ്റി അറുപത്തിനാല് സെന്റിമീറ്റർ ഉയരവും അറുപത് സെന്റിമീറ്റർ വീതിയും ഇതിനുണ്ട്. ഇവയൊക്കെ ആരുടെയോ ഗതകാലപ്രതാപം മൗനഭാഷയിൽ മന്ത്രിക്കുന്നു!

മാളിയേമ്മൽപ്പറമ്പ് എന്ന് ഈ ഭാഗത്തിനിപ്പോൾ പേരുണ്ട്. ക്രിസ്ത്യൻ പള്ളിപ്പറമ്പിന്റെ വടക്കെ അതിരു തുടങ്ങി, മുണ്ടോക്ക് ദേശം ആരംഭിക്കുന്നേടം വരെ അത് നിവർന്നു നിൽക്കുന്നു. ഒരു മാളിക പണ്ടൊരുകാലം ഇവിടെയുണ്ടായിരുന്നു എന്നുള്ളതല്ലെ മാളിയേമ്മൽ, അഥവാ മാളികമേൽ എന്ന പേരിൽ ധ്വനിക്കുന്നത്?

ശക്തനായ ഒരു നായർ പ്രമാണിയുടെ മാളിക, അഥവാ കോവിലകം ആയിരിക്കാം അത്. മാളിയേമ്മലുള്ള ആദ്യത്തെ വീടിന് ഇപ്പോഴും 'കോലോത്ത്' എന്നു പേരുള്ളത് ശ്രദ്ധേയമാണ്. കോവിലകം പില്ക്കാ

ലത്ത് കോലോത്ത് എന്നായി ലോപിച്ചിരിക്കണം! കോലോത്തിനു മുൻവശത്തെ വീട്ടുപേർ 'പടിക്കൽ' ആണെന്നുകൂടി അറിയുമ്പോൾ കോവിലകത്തിന് പ്രസക്തി വർദ്ധിക്കുകയും ചെയ്യുന്നു. ഏതായാലും നാട്ടുമുഖ്യൻ കണ്ടെത്തിയ സ്ഥലം തന്റെ കുലീനതക്കും സുരക്ഷിതത്വത്തിനും യോജിച്ചതുതന്നെയെന്നുള്ളതിന് സംശയം വേണ്ട. കോവിലകത്തിന്റെ കിളിവാതിലുകൾ തുറന്നാൽ പടിഞ്ഞാറ് ഇളകി മറിയുന്ന അറബിക്കടൽ കാണാം. അങ്ങ് ദൂരെ ചക്രവാളം വരെ ദൃശ്യമാണ്. കിഴക്ക് പശ്ചിമഘട്ടത്തിന്റെ നീലിച്ച പള്ളയ്ക്ക് കീഴെ പച്ചപുതച്ച കനകമല. അതിനുമിപ്പുറം തട്ടുതട്ടുകളായി നിരവധിയാണ് കുന്നുകൾ. അവയ്ക്കിടയിലൂടെ നീല പെൻസിൽ വരപോലെ വളഞ്ഞൊഴുകുന്ന പുഴ; മാളികയ്ക്കഭിമുഖമായി പുഴ നാണിച്ചു നിൽക്കുന്നു. പുഴ കന്മതിലിനേയും തഴുകിയൊഴുകുന്നു. പിന്നെ കടലിൽ അലിയുന്നു.

ആളുകൾ പറയാറുണ്ട് – മാളിയേമ്മൽ കയറിനിന്നാൽ മയ്യഴി മുഴുവൻ കാണാം. മാളിയേമ്മൽ എന്ന പേരിന് ഉയരം കൂടിയത് എന്നുള്ള സൂചനകൂടി ഇതുണ്ടാക്കുന്നു. എല്ലാം പണ്ടത്തെ കഥകളാണ്. തീവണ്ടിയും റെയിലും റെയിൽപ്പാലവും റോഡ് പാലവുമൊക്കെ വരുന്നതിനും മുമ്പുള്ള കഥ. 1902 ലാണ് റെയിൽപ്പാലം നിർമ്മിച്ചത്. റോഡ്പാലത്തിന്റെ പണി പൂർത്തിയാക്കാൻ പിന്നെയും മുപ്പത് വർഷം കാത്തിരിക്കേണ്ടി വന്നു.

മാളിയേമ്മലിന്റെ ഉയരം പോലും ഇന്ന് ചുരുങ്ങിപ്പോയി. ചുരുങ്ങിയ ഉയരങ്ങൾ നിരപ്പാക്കി, അവിടെ വീടുകളും വ്യാപാരസ്ഥാപനങ്ങളും ഉണ്ടാക്കി. എന്നാൽ ഇതൊക്കെ വരുന്നതിനു മുമ്പും മയ്യഴിയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം മാളിയേമ്മൽ അല്ലതന്നെ. ഫോർട്ട് ദുഫേൻ എന്ന് പില്ക്കാല രേഖകളിൽ വിശേഷിപ്പിക്കുന്ന മരുന്നറക്കുന്ന്[1] അല്ലെങ്കിൽ ആശുപത്രിക്കുന്ന് ഇതിനെക്കാൾ ഉയരം കൂടിയതായിരുന്നുവത്രെ – പതിനഞ്ച് ത്വാസ്.[2] ഫോർട്ട് കൊന്തെ എന്ന കോരക്കുറുപ്പാളുടെ കുന്നും, ചെറുകല്ലായിയിലെ ഫോർട്ട് സെന്റ് ജോർജ്ജും എത്രയോ ഉയരം കൂടിയവയാണ്.

റീജന്റിന്റെ അനുവാദമില്ലാതെ ഒരു നാടുവാഴിയിൽ നിന്ന് എണ്ണായിരം ഉറുപ്പികക്ക് വാങ്ങിയ സ്ഥലത്താണ് ഫ്രഞ്ചുകാർ 1739 ഡിസംബറിൽ സെന്റ് ജോർജ്ജ് കോട്ട കെട്ടിയത്. മയ്യഴിയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം ഇതാണെന്ന് അന്നത്തെ ഫ്രഞ്ചുരേഖകൾ പറയുന്നു.നൂറ്റിഇരുത്തിയേഴ് ത്വാസ്. ദുഫേൻ, കൊന്തേ എന്നീ കോട്ടകളും റീജന്റിന്റെ അനുവാദമില്ലാതെ നിർമ്മിച്ചവയാണത്രെ. ഈ രണ്ടു സ്ഥലങ്ങളിലും കോട്ടയുടെ അവശിഷ്ടങ്ങളൊന്നും ഇന്ന് കാണാനില്ല. ചെറുകല്ലായി സെന്റ് ജോർജ്ജ് ഫോർട്ടിന്റെ അവശിഷ്ടങ്ങളും മാളിയേമ്മലെ

മതിലും മാത്രം ചരിത്രസ്മരണകൾ കഷ്ടിച്ച് നിലനിർത്തുന്നു. അവ തന്നെയും അപ്രത്യക്ഷമാകുന്ന നാളുകൾ വിദൂരവുമല്ല.

തങ്ങൾ വിലകൊടുത്തു വാങ്ങിയ സ്ഥലത്തിന് ഫ്രാൻസിലെ രാജ വംശവുമായി ബന്ധപ്പെട്ട പേരുകളാണ് ഫ്രഞ്ചുകാർ നൽകിയത്. 1350 മുതൽ 1830വരെയും ഫ്രാൻസിലെ നിയമപ്രകാരമുള്ള കിരീടാവകാ ശികൾ ദുഫേൻ എന്ന് അറിയപ്പെട്ടിരുന്നു. കോട്ടകൾക്കും കവാട ങ്ങൾക്കും കപ്പലുകൾക്കും തടാകങ്ങൾക്കുമൊക്കെ അവർ ദുഫേൻ എന്ന് പേര് നൽകിയതായി കാണാം. ബുർബോൺ രാജാക്കന്മാരുടെ കാലത്ത് പ്രചാരത്തിൽ വന്നതാണ് കൊന്തെ എന്ന പദം. ലൂയി ഒന്നാ മൻ, ഒന്നാം 'കൊന്തെ പ്രിൻസ്' ആയിരുന്നു. ലൂയി രണ്ടാമൻ Conde the Great എന്ന പേരിലും ശ്രദ്ധേയനായിരുന്നു. 1739-ൽ മയ്യഴിയിലെ ത്തിയ ഒരു കപ്പലിന്റെ പേര് പ്രിൻസ് കൊന്തെ എന്നത്രെ. ഇംഗ്ലീഷുകാർ തങ്ങളുടെ ഒരു കോട്ടയ്ക്ക് മദിരാശിയിൽ സെന്റ് ജോർജ്ജ് ഫോർട്ട് എന്ന് നാമകരണം ചെയ്തതുപോലെ രക്ഷകനായ പുണ്യവാളന്റെ നാമത്തിൽ തന്നെയാവാം, ചെറുകല്ലായി കുന്നിലെ കോട്ടയ്ക്ക് ഫ്രഞ്ചു കാരും അതേ പേര് നൽകിയത്. യാദൃച്ഛികമായിട്ടാകാം മറ്റൊരു സെന്റ് ജോർജിന്റെ പേര് അക്കാലത്തെ മയ്യഴിയുടെ ചരിത്രത്തിൽ കാണുന്നത്. 1721ൽ എത്തിയ കപ്പലിലും പർദയ്യേന്റെ നേതൃത്വത്തിൽ മയ്യഴി പിടി ച്ചെടുക്കാനെത്തിയ നാവിക വ്യൂഹത്തിലും (1726) സെന്റ് ജോർജിനെ കാണാവുന്നതാണ്. ഫ്യൂൽവി എന്ന കപ്പലിലെ കമാൻഡന്റ് സെന്റ് ജോർജ്ജ് ആണ് (1740). കിംഗ്സ് സ്ക്വാഡ്രന്റെ ക്യാപ്റ്റൻ (1756), മയ്യഴി കുറ്റവിചാരണ കൗൺസിൽ അംഗം (1748) എന്നീ പദവികളും സെന്റ് ജോർജ്ജ് നിലനിറുത്തിയതായി കാണാം.

വടക്കൻ പാട്ടുകൾ ഒരു കഥയ്ക്ക് ജീവൻ നൽകിയിട്ടുണ്ട്. കടത്ത നാട്ടിലെ ആണുങ്ങൾ മയ്യഴി അങ്കക്കളരിയിൽവെച്ചും, പിന്നീട് തുളു നാട്ടിലും പോയി കളരി അഭ്യാസങ്ങൾ പരിശീലിച്ചിരുന്നുവത്രെ.[3] പയ്യ നാടൻ ചിണ്ടൻനമ്പ്യാർ അന്ന് പ്രസിദ്ധനാണ്. കടത്തനാട്ടിലെ തച്ചോളി ഒതേനൻ, വടക്കെ മലബാറിലെ റോബിൻഹുഡ് ആയി തെളിഞ്ഞു വരുന്നതേയുള്ളു.

വടകരക്ക് സമീപം വളയം എന്ന സ്ഥലത്തുള്ള ഒരു നെൽപ്പാട ത്തിന്റെ വരമ്പിൽവെച്ച് പരസ്പരം വഴിമാറി കൊടുക്കാത്തതിനെ ചൊല്ലി ഒതേനനും ചിണ്ടൻ നമ്പ്യാരും തമ്മിൽ ഇടയേണ്ടി വന്ന ഒരു സംഭവം ഉണ്ടായി. ഒതേനന്റെ ജ്യേഷ്ടൻ കോമക്കുറുപ്പിന് ഇതറിഞ്ഞ പ്പോഴുണ്ടായ മനോവിഷമം കുറച്ചൊന്നുമായിരുന്നില്ല.

പയ്യനാടൻ, കളരിയിലെ പണിക്കരാണ്. എഴുത്തു പഠിച്ച ഗുരിക്ക ളാണ്. അറിയാതെ ചെയ്തുപോയ അപരാധത്തിന് മാപ്പ് അപേക്ഷിക്കൂ,

എന്നായി കോമക്കുറുപ്പ് ഒതേനനോട്. എന്നാൽ ഒരു കീഴടങ്ങൽ, ഒതേനന് അസഹ്യമായിരുന്നു. അതേ അവസരത്തിൽ ഏട്ടനെ ധിക്കരിക്കാനും വയ്യ. വല്ലാത്ത ധർമ്മസങ്കടത്തിലായി ഒതേനൻ. ഒടുവിൽ പയ്യനാടനേയും തേടി ഒതേനൻ മയ്യഴി അങ്കക്കളരിയിൽ എത്തുകതന്നെ ചെയ്തു. ഒരു ചെല്ലപ്പെട്ടിയിൽ സ്വർണ്ണനാണയങ്ങൾ കാഴ്ചവെച്ച് ഒതേനൻ മാപ്പിരന്നു.

– എന്റെ ധിക്കാരത്തിന് മാപ്പ്!

അഹങ്കാരിയായിരുന്നു പയ്യനാടൻ. ഒതേനൻ കാഴ്ചവെച്ച സ്വർണ്ണനാണയങ്ങൾ അയാൾ പുറംകാൽകൊണ്ട് തട്ടിമാറ്റി. മയ്യഴി അങ്കക്കളരിയിൽ അവ ചിന്നിച്ചിതറി. ഒതേനൻ അപമാനിതനായി തിരികെ പോരേണ്ടിയും വന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ, മറ്റൊരങ്കക്കളരിയിൽ വെച്ച് പയ്യനാടൻ ചിണ്ടൻനമ്പ്യാരുടെ ശിരസ്സ് അരിഞ്ഞുവീഴ്ത്തി, ഒതേനൻ പകരം ചോദിക്കുകയും മയ്യഴി അങ്കക്കളരി ഒതേനന്റെ സ്വന്തമാകുകയും ചെയ്തുവെന്നാണ് വടക്കൻപാട്ടിലെ കഥ. ചരിത്രപുസ്തകങ്ങളിൽ ഈ കഥയ്ക്ക് സ്ഥാനമില്ലായിരിക്കാം. എങ്കിൽ തന്നെയും ചരിത്രത്തിന്റെ വ്യക്തമായ എന്തൊക്കെയോ അംശങ്ങൾ ആ കഥകളിൽ പറ്റിച്ചേർന്ന് നിൽക്കുന്നുണ്ട്.

മാളിയേമ്മൽ ഉയരങ്ങളിലായിരുന്നു പയ്യനാടൻ കളരിയെന്ന് കരുതുന്ന പഴമക്കാരെ മയ്യഴിയിൽ കാണാം. അവിടെ അടുത്ത കാലം വരെയും ഉണ്ടായിരുന്ന പൊളിഞ്ഞ കൽത്തറകളുടെ അവകാശം മറ്റു ചിലർ തച്ചോളി ഒതേനനും നൽകുന്നു. മാളിയേമ്മൽ താഴെയുള്ള ഒരു പറമ്പിന് പയ്യനാടന്റവിട എന്ന പേര് അടുത്ത കാലംവരെയും നിലനിന്നതും വടക്കൻ പാട്ടിലെ കഥകൾക്ക് യാഥാർത്ഥ്യത്തിന്റെ പരിവേഷം സൃഷ്ടിക്കുന്നുണ്ടാവാം. എന്നാൽ ഏതോ കാലത്ത് പയ്യനാടനും ഒതേനനും അവിടെയൊരങ്കക്കളരി ഉണ്ടായിരിക്കാമെങ്കിൽ കൂടി, നീണ്ടു നിവർന്നുനിൽക്കുന്ന മാളിയേമ്മൽ പറമ്പിലെ കന്മതിലിന്റെ അവകാശം ഒതേനനോ പയ്യനാടനോ പൂർണ്ണമായി വിട്ടുകൊടുക്കാൻ മതിയായ തെളിവുകളൊന്നും മുമ്പിലില്ല. മാത്രവുമല്ല, ഒതേനൻ കളരിയുടെ അവകാശവുമായി മയ്യഴിയുടെ കിഴക്കെ അതിർത്തി ഭാഗത്തെ മഞ്ചക്കൽ ദേശക്കാരും മുമ്പോട്ട് വന്നിട്ടുണ്ട്. പുഴയിലേക്കിറങ്ങുന്ന പാറകൾക്കരികെ ഇന്നും പുരാതന ക്ഷേത്രാന്തരീക്ഷത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന നാലകത്ത് പറമ്പിലെ കല്പടവുകൾ കെട്ടിയ കുളവും കോനാർകണ്ടി പറമ്പിലെ കിണറും ഒതേനന്റെ കാലവുമായി അവർ കോർത്തിണക്കുകയും ചെയ്യുന്നു.

ഇത്തരം കഥകൾക്കിടയിലെ സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളും എന്തുതന്നെയായാലും മാളിയേമ്മൽ കന്മതിലിന്റെ കുറേക്കൂടി തെളി

മയുള്ള ചിത്രം തച്ചോളിഒതേനന്റെ കാലത്തേക്കാൾ (ക്രിസ്ത്വാബ്ദം 1584-1610) പിറകിലേക്ക് വരുമ്പോൾ കിട്ടുന്നുണ്ട്. 1769-ൽ ഫ്രഞ്ചുകാർ മയ്യഴിയിൽ ഒരു വലിയ കോട്ടയുടെ നിർമ്മാണം പൂർത്തിയാക്കിയതായി പഴയ രേഖകളിൽ കാണാം. മയ്യഴിയുടെ കേവല സുരക്ഷിതത്വത്തിനെക്കാൾ കവിഞ്ഞ ഒരു ലക്ഷ്യം ഈ കോട്ടയുടെ നിർമ്മാണത്തിന് പിറകിലുണ്ടെന്ന് തലശ്ശേരിയിലെ ഇംഗ്ലീഷുകാർ സംശയിച്ചിരുന്നു. കോട്ട പൂർത്തിയാകുമ്പോൾ ആയിരം പട്ടാളക്കാരും ഇരുന്നൂറ് പീരങ്കികളും അതിന്റെ സുരക്ഷിതത്വത്തിന് വേണ്ടിവരുമെന്നും അവർ കണക്കുകൂട്ടി. എന്തിനാണ് മയ്യഴിയിൽ ഫ്രഞ്ചുകാർക്ക് ഇത്ര വലിയ കോട്ട എന്ന് അവർ അത്ഭുതപ്പെടുകയും ചെയ്തു.

ഫോർട്ട് മാഹി എന്ന് വിളിച്ചിരുന്ന ആ കോട്ടയുടെ അവശിഷ്ടങ്ങളാണ് മാളിയേമ്മൽ പറമ്പിൽ കാണപ്പെടുന്നത് എന്ന് നമുക്കിപ്പോൾ അനുമാനിക്കേണ്ടിയിരിക്കുന്നു. പില്ക്കാലത്ത് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിലുണ്ടായ സംഘട്ടനങ്ങളിൽ അത് തകർന്നുപോയതുമായിരിക്കാം. പുഴക്കരയിലെ മുഴുവൻ കെട്ടിടങ്ങളും പാണ്ട്യാലയും ക്രിസ്ത്യൻ പള്ളിയും ഒരു ഘട്ടത്തിൽ തകർന്നുപോയെന്ന് രേഖകളുണ്ട്.[4] പിന്നീട് അവയെല്ലാം പുതുക്കിപ്പണിതുവെങ്കിലും കോട്ടയുടെ പ്രസക്തി നഷ്ടപ്പെട്ടുവെന്നത് കൊണ്ട് ഒരു പുനർനിർമ്മാണം അനാവശ്യമായി തോന്നിയിരിക്കാം.

അഴിമുഖത്ത് മൂപ്പന്റെ കുന്ന് എന്ന് ഇപ്പോൾ പേരിട്ടു വിളിക്കുന്ന സ്ഥലത്ത് ഒത്തേൽ ദ്യു ഗുവർണ്ണമ (Hotel du Gouvernement) അഥവാ ഗവർമെന്റ് ഹൗസ് അവർ വൈകി നിർമ്മിച്ചതാവാനേ തരമുള്ളു. മാളിയേമ്മൽ പറമ്പിന് ഫ്രഞ്ച് രേഖകളിൽ ആൻസ്യം ഗുവർണ്ണ്മ എന്നുള്ള പേരു കൂടി വിലയിരുത്തുമ്പോൾ ഫ്രഞ്ചുകാരുടെ ആദ്യത്തെ ആസ്ഥാനം മാളിയേമ്മൽ ആയിരുന്നുവെന്ന നിഗമനത്തിലേ എത്താനാവൂ.

ഫ്രഞ്ചുകാർ മയ്യഴിയിൽ ആദ്യം വന്നപ്പോൾ വടകര വാഴുന്നവരുമായി ഉണ്ടാക്കിയ കരാറനുസരിച്ച് ഒരു പാണ്ട്യാലക്കും കോട്ടയ്ക്കുമാണ് സ്ഥലം ആവശ്യപ്പെട്ടത്. പാണ്ട്യാല കെട്ടാൻ വാഴുന്നവർ പെട്ടെന്നനുവദിച്ചു. കോട്ടകെട്ടാൻ ചൂണ്ടിക്കാണിച്ച സ്ഥലം മൂറുകളുടെ (മുസ്ലിംകളുടെ) ശ്മശാനമായതുകൊണ്ട് വിസമ്മതിക്കുകയും ചെയ്തുവത്രെ. എന്നാൽ പിന്നീട് ആ സ്ഥലത്തിന് സമീപത്തുതന്നെ കോട്ടയും ഉയർന്നുവെന്നാണ് ഊഹിക്കേണ്ടത്. ഈ കോട്ടയുടെ കീഴ്ഭാഗം, തലമുറകൾ കൈമാറിയ അറിവും പിൽക്കാലത്ത് മണ്ണ് കുഴിക്കുമ്പോഴും മറ്റും കാണപ്പെട്ട ശവമാടങ്ങളും അവിടെയൊരു ശ്മശാനമായിരുന്നുവെന്നതിന് സ്ഥിരീകരണം നൽകുന്നുണ്ട്. അത്തരമൊരു സ്ഥിരീകര

ണത്തിന് ബലം കൊടുക്കാൻ സംഭവങ്ങൾ പിറകെയും വരുന്നു – താലൂക്ക് ആപ്പീസിലെ സർവ്വെ രേഖകളിൽ മാളിയേമ്മൽ പറമ്പിനെ ആൻസ്യാം ഗുവർണ്ണമ, കൊലോനിക്ക് ചേർന്ന സ്ഥലം എന്നൊക്കെ എടുത്തു പറഞ്ഞുകൊണ്ട് തന്നെ തൊണ്ണൂറ്റൊമ്പത് വർഷക്കാലം തോലോൻ കുടുംബത്തിന് പാട്ടത്തിന് നൽകിയതായി കാണാം. ഇതിന്റെ തുടക്കം എന്നായിരുന്നുവെന്ന് വ്യക്തമല്ല. എന്നാൽ 1910ലും 1913ലും മടത്ത്മ്മൽ തോലോൻമമ്മി എന്ന ആൾക്കാണ് അവകാശം ഉണ്ടായിരുന്നത്.

1933ൽ തോലോൻ കുഞ്ഞമ്മദ്കുട്ടിക്ക് കാരണവർ സ്ഥാനം കിട്ടി. 1955ലെ രേഖയിൽ തോലോൻ മൊയ്തു ആണ് അവകാശി. ഈ പറമ്പിൽനിന്നുള്ള വരുമാനത്തിന്റെ ഒരു ഭാഗം പൂഴിയിൽ പള്ളി എന്ന പുതിയ പള്ളിയിൽ സാധുക്കൾക്ക് കഞ്ഞിവെച്ചു കൊടുക്കാൻ ചെലവഴിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടത്രെ. ഫ്രഞ്ചുകാർ അന്നേ കാണിച്ച ഈ സൗമനസ്യം നേരത്തെ അവർക്ക് മാളിയേമ്മൽ ഉയരങ്ങളിൽ മുൻതലമുറ ചെയ്തുകൊടുത്ത സഹായത്തിനുള്ള പ്രതിഫലമായിരിക്കുകയില്ലേ?

ഇത്തരം നിഗമനങ്ങൾ ശരിയായാലും തെറ്റായാലും മാളിയേമ്മൽ ഉയരങ്ങൾ മയ്യഴിയുടെ പഴയകാല ചരിത്രത്തിൽ നല്ലൊരു പങ്ക് വഹിച്ചിരുന്നു എന്ന് വ്യക്തമാണ്. യഥാർത്ഥത്തിൽ അക്കാലത്തെ മയ്യഴി നാലഞ്ച് ചെറിയ കുന്നുകൾക്കിടയിലെ ചെറിയ ചെറിയ തുണ്ടുഭൂമികൾ മാത്രമായിരുന്നു. പുഴയും കടലും കുന്നുകൾക്കിടയിൽ തള്ളിക്കയറി അവയെ വേർതിരിക്കുകയും ചെയ്തു. മാളിയേമ്മൽ ഉയരങ്ങളിലോ ക്രിസ്ത്യൻ പള്ളിക്ക് മുൻവശത്തോ കയറിനിന്ന് പടിഞ്ഞാറ് നോക്കിയാൽ ഈ ഭൂചിത്രം ഇപ്പോഴും വ്യക്തമാണ്. വളവിൽ കടപ്പുറത്തുനിന്ന് കിഴക്കോട്ടു നോക്കിയാലും ചിത്രം വ്യക്തമാണ്. മരുന്നറക്കുന്നിലോ കോരക്കുറുപ്പാളുടെ കുന്നിലോ ചെന്നാലും ഈ ചിത്രം തന്നെ ലഭിക്കും.

മരുന്നറക്കുന്നിന് കീഴ്ഭാഗം ആനവാതുക്കൽ ദേശംവരെയും ചെളി നിറഞ്ഞ പാടങ്ങളായിരിക്കണം. പ്ളാസ്ദാർമ് എന്ന മൈതാനം ഫലവൃക്ഷങ്ങൾ നിറഞ്ഞ കുന്നിൻ താഴ്വാരവും ആയിരിക്കണം. കോരക്കുറുപ്പിന്റെ കുന്നും മരുന്നറക്കുന്നും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏതോ കാലത്ത് തുരങ്കങ്ങൾ ഉണ്ടായിരുന്നതായും പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

1956ൽ മരുന്നറക്കുന്നിന്റെ മുകളിൽ ആശുപത്രിയുടെ പുതിയ കെട്ടിടങ്ങൾക്കുവേണ്ടി മണ്ണ് കിളച്ചുമാറ്റുമ്പോൾ ഒരു ഗുഹയുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്, തുരങ്കങ്ങൾ ഉണ്ടായിരുന്നു എന്ന വിശ്വാ

സത്തിന് ജീവൻ നൽകിയിരുന്നു. ഗുഹാമുഖമാണെന്ന് കരുതാവുന്ന മറ്റൊരു ദൃശ്യം കടൽത്തീരത്തെ മൂപ്പന്റെ കുന്നിൻചെരുവിൽ ഇപ്പോൾ കാണാം. തീരത്ത്, മൂപ്പന്റെ ബംഗ്ലാവ് മതിലിനോടു ചേർന്ന്, മേൽഭാഗത്ത് തൊപ്പിപോലെ നിൽക്കുന്ന ഒരു വലിയ ഉരുളൻ ചെങ്കല്ലും, ഇരുവശങ്ങളിലുമായി അതിനെ താങ്ങിനിർത്തുകയാണെന്ന് തോന്നിപ്പിക്കുന്ന കുത്തനെയുള്ള പാറക്കല്ലുകളുമാണ് ഗുഹാകവാടമായി ഉള്ളത്. അകത്ത് കഷ്ടിച്ച് കടക്കാൻ പറ്റും. എന്നാൽ മുന്നോട്ടുള്ള യാത്ര വഴി മുട്ടി നിൽക്കുകയാണ്. വേലിയിറക്കമുള്ള ദിവസങ്ങളിലേ തീരത്തു കൂടി നടന്ന് ഈ ഗുഹാമുഖത്തേക്ക് ചെന്നെത്താൻ സാധിക്കൂ. എന്നാലും ഇതൊരു തുരങ്കത്തിന്റെ കവാടം തന്നെയായിരുന്നുവോ എന്ന കാര്യം തെളിയിക്കപ്പെട്ടിട്ടില്ല.

■

---

1. *പഴയ പേര് തമന്തക്കുന്ന്.*
2. *ഒരു ത്വാസ് (Toises) - 1.945 മീറ്റർ*
3. *കടത്തനാട്ട് മാധവിയമ്മ, തച്ചോളി ഒതേനൻ 1958*
4. *Ancien Gouvernement 1779 -ൽ ഇംഗ്ലീഷുകാർ നശിപ്പിച്ചു. ഫർണ്ണിച്ചർ അടക്കമുള്ള മുഴുവൻ സാധനങ്ങളും തലശ്ശേരിക്ക് കൊണ്ടുപോയി. അൽഫോൻസ് എന്നൊരു പോർത്തുഗീസുകാരനും ഫെർത്ത് എന്ന് പേരുള്ള മറ്റൊരാളും പുഴക്കരയിൽ നശിച്ചുപോയ ചില കെട്ടിടങ്ങൾ പുതുക്കിപ്പണിതു.Edmond Gaudart, Catalogue des manuscrits des Anciennes Archives 1934.*